പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 271 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. നൽകുന്ന വിദ്യാർത്ഥി കൺസഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>" ടി.എ.അഹമ്മദ് കബീർ<br>" എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന കൺസഷനുകൾ മൂലം കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും, മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. യാത്രാനിരക്കിന്റെ ശരാശരി 17.32% നിരക്ക് മാത്രമാണ് കോർപ്പറേഷൻ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി വരുന്നത്. 2018-19 വർഷത്തിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 124,26,79,934/- രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | എന്തെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യാത്രായിളവ് പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | സർക്കാർ അംഗീകൃത സ്ഥാപനങ്ങൾക്ക് പുറമേ, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള, ഒരു വർഷമെങ്കിലും കാലദൈർഘ്യമുള്ള മുഴുവൻ കോഴ്സുകളിലെ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കും പഠനത്തിന് സൗജന്യ നിരക്കിൽ കെ.എസ്.ആർ.ടി.സി കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.<br>ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കൺസഷൻ അപേക്ഷകളും നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ കൺസഷൻ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ടോ; വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകി വന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ യാതൊരു മുടക്കവും 2019-20 വർഷത്തിൽ വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടേയും, ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും, 40 കിലോ മീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും, കെ.എസ്.ആർ.ടി.സി നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പ്രത്യേക അനുമതി നൽകി തീർപ്പ് കൽപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**